പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1823 12.06.2019-ലെ മറുപടിക്ക്

## ഇലക്ട്രിക് ബസ്സുകൾ

ചോദ്യം | മറുപടി

ശ്രീ.ഡി.കെ. മുരളി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ കീഴിൽ ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തുന്നുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം-എറണാകുളം റൂട്ടിൽ 10 ഇലക്ട്രിക് ബസ്സുകൾ അനുവദിച്ചിരുന്നു. ഇവയിൽ 5 എണ്ണം വീതം തിരുവനന്തപുരം സിറ്റി, എറണാകുളം എന്നീ ഡിപ്പോകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ റൂട്ടുകളിലാണ് സേവനം ഉള്ളതെന്ന് വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം-എറണാകുളം സർവ്വീസുകൾ കൊല്ലം, ആലപ്പുഴ വഴി ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. |
| (സി) | ഇലക്ട്രിക് ബസ്സുകൾ സേവനം നിർത്തിയിട്ടുണ്ടെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ; | (സി) | നിലവിൽ 8 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 2 ബസ്സുകൾ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ താൽക്കാലികമായി സർവ്വീസ് നടത്തുന്നില്ല. |
| (ഡി) | ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ചതു മൂലം ഉണ്ടായ ലാഭനഷ്ടക്കണക്കുകൾ വിശദമാക്കാമോ? | (ഡി) | അന്തരീക്ഷ മലിനീകരണം വളരെയധികം രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ ബദൽ മാർഗ്ഗമെന്ന രീതിയിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിൽ തുടക്കം കുറിച്ച സർവ്വീസുകളാണ് സി.എൻ.ജി, ഇലക്ട്രിക് ബസ്സുകൾ. ആയത് ശബ്ദമലിനീകരണവും, വായു മലിനീകരണവും കുറയ്ക്കുന്നതിന് വളരെയധികം സഹായകമായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കൂടുതൽ വ്യാപകമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. നിലവിൽ ഇലക്ട്രിക് ബസ് സർവ്വീസുകൾ ലാഭകരമല്ല. |

**സെക്ഷൻ ഓഫീസർ**